985

നം.ആർ&ആർ(1)/219641/2021/ഡിജിഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 27/01/2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

**എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.**

**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം – ഷീ പാഡ് പദ്ധതി നടത്തിപ്പ് - സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള മുഴുവൻ പെൺകുട്ടികൾക്കും ആർത്തവ ശുചിത്വ പരിപാലനത്തെ സംബന്ധിച്ച് അവബോധം നൽകുന്നതിനായി ഓൺലൈൻ മുഖേന ക്ലാസ്സുകൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23.12.2020 ലെ KSWDC/P5/Shepad/2020-21 നമ്പർ കത്ത്.
2. സർക്കാർ ഉത്തരവ് നം.280/16/ത.സ്വ.ഭ.വ തീയതി 25.01.2016.
3. ഇതേ ഫയൽ നമ്പരായി 23.01.2021-ൽ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയ കത്ത്.

A3
10/1/2

****

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആർത്തവ ശുചിത്വ പരിപാലന പദ്ധതി. ഈ പദ്ധതിയ്ക്ക് ഷീ പാഡ്, ശുചിത്വ പരിപാലന പരിശീലനം എന്നിങ്ങനെ രണ്ട് ശാഖകളാണുള്ളത്.

1/2/21

കോവിഡ്-19 പശ്ചാത്തലത്തിൽ വിദ്യാർത്ഥിനികൾക്ക് സ്കൂളിൽ എത്താൻ കഴിയാത്തതിനാൽ ടി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ സംസ്ഥാന വനിതാ വികസന കോർപ്പറേഷന് വേണ്ടത്ര കഴിഞ്ഞിട്ടില്ല. ഈ സാഹചര്യം കണക്കിലെടുത്ത് വിദ്യാർത്ഥിനികൾക്ക് ഓൺലൈൻ മാധ്യമം മുഖേന പ്രസ്തുത ക്ലാസ്സുകൾ നടത്തുന്നതിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് സൂചന (3) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ദിവസേന 2 മണിക്കൂർ വീതം Menstrual hygiene awareness, Life skill development, Social awareness, Diet plan & nutrition എന്നീ 4 സെക്ഷനുകളിലായാണ് ക്ലാസ്സുകൾ നടത്തുന്നത്.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 6-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള പെൺകുട്ടികൾക്ക് നൽകുന്ന ഓൺലൈൻ ക്ലാസ്സുകൾ ഓരോ സ്കൂളിനേയും യൂണിറ്റായി എടുത്ത് പ്രഥമാദ്ധ്യാപകരുമായി ആലോചിച്ച് സമയം നിശ്ചയിച്ചാകും പദ്ധതി വനിതാ വികസന കോർപ്പറേഷൻ നടത്തുന്നത്. നമ്മുടെ വിദ്യാർത്ഥിനികൾക്ക് ജീവിതത്തിൽ ഏറെ പ്രയോജനപ്രദമാകുന്ന പ്രസ്തുത ഓൺലൈൻ പരിശീലന ക്ലാസ്സുകളെ സംബന്ധിച്ച വിവരം താങ്കളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്കും പ്രാധാന്യത്തോടെ നൽകേണ്ടതും, 6-ാം ക്ലാസ്സു മുതൽ 9-ാം ക്ലാസ്സുവരെയുള്ള മുഴുവൻ പെൺകുട്ടികൾക്കും ക്ലാസ്സുകൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

ഉത്തരവിന്റെ കോപ്പി നം A5/985/2021 തീ 27/01/2021
LDIS

എല്ലാ പ്രധാന അധ്യാപകരുടെയും അറിവിലേക്ക് നൽകുന്നു.

(ഒപ്പ്) 3/2/21

സീനി. വി. ഒ

ബി.എം